**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2185** **03-03-2025 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര ഗവൺമെന്റ് ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കായി ബജറ്റിൽ അനുവദിച്ച അഞ്ച് കോടി അമ്പത് ലക്ഷം രൂപയുടെ വിനിയോഗത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | മാവേലിക്കര ഗവൺമെന്റ് ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണത്തിനായി 2020-21 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ൽ ക്രമ നമ്പർ 123 ആയി മാവേലിക്കര ഗവ ആയുർവേദ ആശുപത്രി എന്നതിന് 500 ലക്ഷം രൂപ അടങ്കലായി 100 ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തുകയാണ് ചെയ്തിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ 1,17,19,494/- രൂപയുടെ എസ്റ്റിമേറ്റ് ഭാരതീയ ചികിത്സാ വകുപ്പ് സമർപ്പിക്കുകയും, പ്രസ്തുത പ്രവൃത്തിയ്ക്ക് സ.ഉ (സാധാ) നം.190/2022/ആയുഷ് തീയതി,30/04/2022 ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. 2022-23 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (പ്രവർത്തികളുടെ വിശദവിവരങ്ങൾ) വാല്യം II ൽ (ഭരണാനുമതി ഇല്ലാത്ത പ്രവർത്തികൾ) മാവേലിക്കര സർക്കാർ ആയുർവേദ ആശുപത്രിയുടെ നവീകരണവുമായി ബന്ധപ്പെട്ട് തുക വകയിരുത്തിയിട്ടില്ല. എന്നാൽ 2023 - 24 സാമ്പത്തിക വർഷം വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (പ്രവർത്തികളുടെ വിശദവിവരങ്ങൾ) വാല്യം II ൽ (ഭരണാനുമതി ഇല്ലാത്ത പ്രവർത്തികൾ) പേജ് 174ൽ സീരിയൽ നമ്പർ 2667 ൽ മാവേലിക്കര മണ്ഡലത്തിൽ വിവിധ ആയുർവേദ ആശുപത്രികളുടെ നവീകരണത്തിനായി അടങ്കൽ തുകയായ 200 ലക്ഷം രൂപയിൽ ടോക്കൺ പ്രൊവിഷൻ ആയി 40 ലക്ഷം രൂപ വകയിരുത്തിയിരുന്നു.<br><br>മാവേലിക്കര സർക്കാർ ആയുർവേദ ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിയ 550.755 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച്, ടി പ്രവൃത്തിയ്ക്ക് ഭരണാനുമതിയും, ഫണ്ടും |

| | | | |
|---|---|---|---|
| | | | അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ട് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിച്ച പ്രപ്പോസൽ സർക്കാർ പരിശോധിക്കുകയും, 07/08/2024ന് ബഹു ആരോഗ്യവും വനിതാശിശുവികസനവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, 2020-21 സാമ്പത്തിക വർഷം വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ൽ ഉൾപ്പെടുത്തിയിരുന്ന "മാവേലിക്കര ഗവ. ആയുർവേദ ആശുപത്രി" എന്ന പ്രവൃത്തിയ്ക്ക് അടങ്കൽ തുകയായി വകയിരുത്തിയ 5 കോടി രൂപയിൽ നിജപ്പെടുത്തി, നിലവിൽ മാവേലിക്കര ആയുർവേദ ആശുപത്രി നിലനിൽക്കുന്ന സ്ഥലം ഭാരതീയ ചികിത്സാ വകുപ്പിന്റെ കൈവശം തന്നെ നിലനിർത്തി മാവേലിക്കര നഗരസഭ അനുവദിക്കാമെന്ന് പറഞ്ഞ സ്ഥലം ലഭ്യമായ ശേഷം പുതിയ കെട്ടിടം പ്രസ്തുത സ്ഥലത്ത് നിർമ്മിക്കേണ്ടതാണെന്ന് തീരുമാനം ആയിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം ഇതുവരെ മാവേലിക്കര നഗരസഭ ഭാരതീയ ചികിത്സാ വകുപ്പിന് ലഭ്യമാക്കിയിട്ടില്ല. പുതിയ സ്ഥലത്താണ് കെട്ടിടം നിർമ്മിക്കേണ്ടതെങ്കിൽ ആയതിന്റെ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനും, മാവേലിക്കര ഗവൺമെന്റ് ആയുർവേദ ആശുപത്രിയ്ക്ക് നഗരസഭ ലഭ്യമാക്കാമെന്നറിയിച്ച സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് തീരുമാനമാക്കുന്നതിലേക്കും നഗരസഭാ അധികൃതരുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കുന്നതിലേക്കും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ? | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ